## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1790

10.03.2020- ൽ മറുപടിയ്ക്ക്

### ജയിലുകളെയും കോടതികളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം

| ചോദ്യം<br>ശ്രീ. കെ. ദാസൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ജയിലുകളെയും കോടതികളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം എത്ര ജില്ലകളിലാണ് നടപ്പിലായിത്തുടങ്ങിയത് ; | (എ) | ജയിലുകളെയും കോടതികളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ പത്തനംതിട്ട, കോട്ടയം എന്നീ 5 ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര കോടതികളും ജയിലുകളുമാണ് പദ്ധതിയുടെ ഭാഗമായിട്ടുള്ളതെന്ന് അറിയിക്കാമോ ; | (ബി) | കേരളത്തിലെ എല്ലാ ജയിലുകളെയും 372 കോടതികളെയും വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ പത്തനംതിട്ട, കോട്ടയം എന്നീ 5 ജില്ലകളിലെ 13 ജയിലുകളിലായി 24 സ്റ്റുഡിയോയിലും 136 കോടതികളിലും സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്. |
| (സി) | തടവുകാരെ ജയിലിൽ നിന്നും കോടതിയിലേയ്ക്കും തിരിച്ചും കൊണ്ട് വിടുന്നതിനായി പ്രതിദിനം എത്ര പോലീസുകാരെ എസ്കോർട്ട് ഡ്യൂട്ടിക്കായി ചുമതലപ്പെടുത്താറുണ്ടെന്ന് അറിയിക്കാമോ ; | (സി) | ശരാശരി ഒരു ദിവസം 400 മുതൽ 500 പോലീസുകാരുടെ സേവനം റിമാന്റ് എക്സ്റ്റൻഷനുമാത്രം വേണ്ടിവരും. |
| (ഡി) | വീഡിയോ കോൺഫറൻസ് സംവിധാനം മുഴുവൻ കോടതികളിലേയ്ക്കും ജയിലുകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (ഡി) | കേരളത്തിലെ എല്ലാ ജയിലുകളെയും റിമാന്റ് എക്സ്റ്റൻഷൻ ആവശ്യമുള്ള എല്ലാ കോടതികളെയും (372 എണ്ണം) പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ